Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

02.02.2026

## മെഡിക്കൽ എഡ്യുക്കേഷൻ എക്സലൻസ്

## ദേശീയ അവാർഡ് ജൂബിലി മിഷന്

മെഡിക്കൽ വിദ്യഭ്യാസരംഗത്തെ മികച്ച പ്രവർത്തനങ്ങൾക്കുള്ള 2026–ലെ ദേശീയ തല AHPI(അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ്) അവാർഡ് ഫോർ എക്സലൻസ് ഇൻ മെഡിക്കൽ എഡ്യൂക്കേഷൻ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിച്ചു. ആരോഗ്യ–സേവന രംഗത്തെ ഇന്ത്യയിലെ ഏറ്റവും വലിയ സംഘടനയാണ് എ.എച്ച്.പി.ഐ. ഗുണമേന്മയുള്ള മെഡിക്കൽ വിദ്യഭ്യാസം മൂല്യാധിഷ്ഠിത പഠനം കരുണാപൂർണമായ  ആരോഗ്യപരിചരണം എന്നിവയിൽ ജൂബിലി മിഷൻ കൈവരിച്ച സ്ഥിരതയാർന്ന നേട്ടങ്ങൾക്കുള്ള അംഗീകാരമായാണ് ഈ പുരസ്ക്കാരം നൽകിയത്. എ.എച്ച്.പി.ഐ.യുടെ ഡയറക്ടർ ജനറൽ ശ്രീ. ഗിരിധർ ഗ്യാനി പുരസ്ക്കാരം സമ്മാനിച്ചു. ജൂബിലി മിഷനെ പ്രതിനിധീകരിച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര എന്നിവർ പുരസ്ക്കാരം ഏറ്റുവാങ്ങി. ഈ നേട്ടത്തിന് ആശുപത്രി അധികൃതർ ജൂബിലി മിഷൻ നേതൃത്വത്തിനും പ്രൻസിപ്പാളിനും അധ്യാപകർക്കും ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ നേർന്നു.  സമൂഹത്തിന് ഗുണമേന്മയുള്ള വിദ്യഭ്യാസവും ആരോഗ്യസേവനവും നൽകുന്നതിനുള്ള സ്ഥാപനത്തിന്റെ ദൗത്യത്തിന് ഈ അംഗീകാരം കൂടുതൽ പ്രചോദനമാകുമെന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ പറഞ്ഞു.